# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2587

12.03.2018-ൽ മറുപടിക്ക്

## വസ്തു ആധാരങ്ങളുടെ കംപ്യൂട്ടറൈസേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| എ) വസ്തു ആധാരങ്ങളുടെ കംപ്യൂട്ടറൈസേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) ആധാരങ്ങളുടെ കംപ്യൂട്ടറൈസേഷൻ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല. സംസ്ഥാനത്തെ സബ്-രജിസ്ട്രാർ ആഫീസുകളിലെ 1989 മുതലുള്ള ആധാരവിവരങ്ങളുടെ കംപ്യൂട്ടറൈസേഷൻ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. സബ്-രജിസ്ട്രാർ ആഫീസുകളിലെ ആധാരങ്ങളുടെ ശരിപകർപ്പുകൾ ഉൾക്കൊള്ളുന്ന വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിലേയ്ക്കായി സി-ഡിറ്റുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായുള്ള രൂപരേഖ തയ്യാറാക്കി വരുന്നു. പ്രസ്തുത പദ്ധതിക്കായി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| ബി) ഇതിനുവേണ്ടി സർക്കാർ എന്തെല്ലാം കാര്യങ്ങൾ ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ; | ബി) ആധാരങ്ങളുടെ കംപ്യൂട്ടറൈസേഷൻ പ്രവൃത്തികളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സബ്-രജിസ്ട്രാർ ഓഫീസുകളെയും ഒരു പ്രത്യേക കമ്പ്യൂട്ടർ ശൃംഖല (KSWAN) വഴി തിരുവനന്തപുരത്തുള്ള ഡാറ്റാ സെന്ററുമായി ബന്ധപ്പെടുത്തിക്കൊണ്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ഡാറ്റാ സെന്ററിൽ രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിൽ സർവർ സ്ഥാപിക്കുകയുണ്ടായി. കംപ്യൂട്ടറൈസേഷന്റെ ഭാഗമായി സബ്-രജിസ്ട്രാർ ഓഫീസുകളിലേയ്ക്ക് പുതിയ കമ്പ്യൂട്ടറുകളും സ്കാനറുകളും വിതരണം ചെയ്യുകയും വകുപ്പിലെ ജീവനക്കാർ, ആധാരമെഴുത്ത് ലൈസൻസികൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവർക്ക് പരിശീലനം നൽകുകയും ചെയ്തു. കൂടാതെ, ഇ-സ്റ്റാമ്പിംഗ്, ഇ-പേയ്മെന്റ് സേവനങ്ങൾ സംബന്ധിച്ച് SMS സന്ദേശങ്ങൾ, ഡിജിറ്റൽ സിഗ്നേച്ചറോടുകൂടിയ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ, ഓൺലൈൻ പോക്കുവരവ് എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. |
| സി) ആധാരം കംപ്യൂട്ടറൈസേഷൻ പ്രവൃത്തികൾ പൂർത്തിയാകുന്നതോടുകൂടി സ്ഥലമുടമകൾക്ക് ലഭിക്കുന്ന അധിക സൗകര്യങ്ങൾ/ സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | സി) കംപ്യൂട്ടറൈസേഷൻ പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ വേഗത്തിലാകുന്നതിനു പുറമെ ആധാരത്തിന്റെ ഉടമസ്ഥതയെക്കുറിച്ചുള്ള |

| | |
|---|---|
| | അത്യാവശ്യം വിവരങ്ങൾ പൊതുജനങ്ങൾക്ക് വകുപ്പിന്റെ വെബ് സൈറ്റിലൂടെ കാണുവാനും, ബാങ്കുകൾക്കും മറ്റ് ധനകാര്യസ്ഥാപനങ്ങൾക്കും വസ്തുക്കളുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനുള്ള സൗകര്യവും ലഭിക്കുന്നു. |
| ഡി) ആധാരം-ആധാർ ബന്ധിപ്പിക്കൽ ആവശ്യമാണോ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അറിയിക്കാമോ;<br>ഇ) ആധാരം-ആധാർ ബന്ധിപ്പിക്കൽ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | ഡി)യും ഇ)യും ആധാരം-ആധാർ ബന്ധിപ്പിക്കൽ എന്നതിന് ഉപരിയായി വസ്തുകൈമാറ്റം ചെയ്യുമ്പോൾ വ്യക്തികളുടെ അനന്യത (Identity) തെളിയിക്കുന്നതിന് 'consent based Aadhaar authentication' നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ കത്തും, കരട് ചട്ടങ്ങളും ലഭ്യമായിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.<br>വസ്തു വാങ്ങുന്ന ആളിന്റെയും വിൽക്കുന്ന ആളിന്റെയും ഫോട്ടോയും വിരൽ പതിപ്പും ആധാരത്തിൽ പതിക്കണമെന്ന് 1908-ലെ രജിസ്ട്രേഷൻ നിയമം, വകുപ്പ് 32 എ അനുശാസിക്കുന്നു. അതുപോലെ തന്നെ ആധാരം ഹാജരാക്കുന്ന ആളിന്റെയും വസ്തു എഴുതി കൊടുക്കുന്ന ആളിന്റെയും വിരൽ പതിപ്പ് ആധാരത്തിലും രജിസ്റ്ററിലും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആധാര കക്ഷികളുടെ അനന്യത തെളിയിക്കുന്ന രണ്ട് സാക്ഷികളുടെ വിവരങ്ങളും ആധാരത്തിൽ രേഖപ്പെടുത്താറുണ്ട്. രജിസ്ട്രേഷൻ ആക്ടിലെയും ചട്ടങ്ങളിലെയും മേൽപറഞ്ഞ വ്യവസ്ഥകൾ പൂർത്തീകരിക്കുന്നതിന് കമ്പ്യൂട്ടർ അധിഷ്ഠിത മാർഗ്ഗം എന്ന നിലയിൽ ആധാർ ഓതന്റിക്കേഷൻ ഉപയോഗിക്കാവുന്നതാണ്. ആധാർ അധിഷ്ഠിത വെരിഫിക്കേഷൻ നടപ്പാക്കുകയാണെങ്കിൽ ഇടപാടുകൾ സുതാര്യമാക്കാനും, ആൾമാറാട്ടം പൂർണ്ണമായി തടയുവാനും, ബിനാമി ഇടപാടുകൾ കണ്ടുപിടിക്കുവാനും, ആധാര കക്ഷികളുടെ വിരൽ പതിപ്പും ഫോട്ടോയും ഡിജിറ്റലായി സൂക്ഷിക്കുവാനും കഴിയും. ഇത് പരാതികൾ കുറയ്ക്കുവാനും തട്ടിപ്പുകൾ അവസാനിപ്പിക്കുവാനും സഹായകരമാകും. |

Rajid

**സെക്ഷൻ ഓഫീസർ**